# എസ്.സി.എസ്.എച്ച്.എസ്.എസ്
## വളമംഗലം



# സ്മൃതി

വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാമൂഹ്യ പുരോഗതി സാദ്ധ്യമാകൂ എന്ന ചിന്തക്ക് ജീവൻ നൽകികൊണ്ട് ഭാരതത്തിലും പ്രത്യേകിച്ചും കേരളത്തിലും ദേശസ്നേഹികൾ മുന്നിട്ടിറങ്ങിയ കാലഘട്ടത്തിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സാമുദായിക സംഘടനകൾ നേതൃത്വം നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ചേർത്തല താലൂക്കിൽ വളമംഗലംഎന്ന പ്രദേശത്ത് നെടുങ്ങാത്തറ കൊച്ചുപിള്ള തണ്ടാര് 1801-ൽ വിദ്യാലയം സ്ഥാപിച്ചു.1811-ൽ സർക്കാർ സ്കൂൾ അംഗീകാരം പിൻവലിച്ചു. 1957-ൽ വളമംഗലം സർവീസ് കോഷറേറ്റീവ് സൊസൈറ്റി മാനേജ്മെന്റ് ഒരു എൽ പി സ്കൂൾ ആയി പ്രവർത്തനം പുനർ ആരംഭിച്ചു.1962ൽ യു പി സ്കൂൾ ആയി. 1979ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.1 മുതൽ 12 വരെ മലയാളം ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രവർത്തിക്കുന്നു.

റെവന്യൂ ജില്ല
ആലപ്പുഴ

വിദ്യാഭ്യാസ ജില്ല
ചേർത്തല

ഉപജില്ല
തുറവൂർ

പ്രധാന അദ്ധ്യാപിക
സുജ.യു. നായർ

പി.ടി.എ. പ്രസിഡന്റ്
ആർ.സജീവ്

എം.പി.ടി.എ. പ്രസിഡന്റ്
മായ

# ആശംസകൾ

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ സ്മൃതി എന്ന പേരിൽ ഒരു മാഗസിൻ ഇറക്കുകയാണ്.മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ ആശംസകളും അറിയിച്ചു കൊള്ളുന്നു .

സുജ . യു .നായർ
ഹെഡ്മിസ്ട്രസ്
എസ് സി എസ് എച്ച് എസ് എസ്
വളമംഗലം

Nature, The Gift Of God

Nature plays an important role in one’s life. It is the most valuable gift for us from god. Nature comprises of the enviornment, surroundings and the ecosystem. It provides the beauty to our enviornment. This glorious creation inspired many poets to write many poem about it’s glory. Sights in nature are not permanent. It is always changing. These changes more inspire us to enjoy the beauty of nature. Each visual in the nature occurs a new beauty in every moment. It is as if something great has been lost when we miss the wonderful sights of nature. Nature can be seen as a smiling beauty and sometimes as a fierce figure. Human beings can never attain complete knowledge just as we can’t fully grasp the wonders of nature. Every sight in nature surprises us. Dawn and dusk are the phenomena of nature that cannot be described by words. Dawn comes by coating crimson in the east. Night comes by sprinkling white stones in the sky. Nature gives us everything we need but if we do injustice to it, it will never forgive and it will punish us. Thus nature’s punishment arise as natural calamities. Like this nature has many faces that can’t be predictable. Nature inspires everyone to live by showing its different beauty

Aryalekshmi S



## യുദ്ധഭൂമിയും മനുഷ്യരും

യുദ്ധം ഒരു ദുരന്തമാണ്. ഇന്ന് നമ്മൾ ഒരുപാട് യുദ്ധങ്ങൾ കണ്ടിട്ടുണ്ട്. ഇസ്രായേലും പാലസ്തീനും ഉക്രെയ്‌നും റഷ്യയും തമ്മിൽ ഒരു യുദ്ധം നടക്കുന്നുണ്ട്. യുദ്ധം കുടുംബങ്ങളെ വേർപെടുത്തും. ഇത് നഗരങ്ങളെയും നഗര പ്രദേശങ്ങളെയും നശിപ്പിക്കുന്നു. ആളുകൾ കൂടുതൽ വികാരഭരിതരാകും, എല്ലാ വ്യവസായങ്ങളും തകരും. ആളുകൾക്ക് അവരുടെ ആരോഗ്യകരമായ ആരോഗ്യം നഷ്ടപ്പെടും, അവർക്ക് സുരക്ഷിതത്വം അനുഭവപ്പെടില്ല. സുരക്ഷയുടെ അഭാവം ഉണ്ടാകും, യുദ്ധത്തിൽ വിജയിക്കുന്നവർ ശത്രുരാജ്യക്കാരെ അവരുടെ അടിമകളായി കണക്കാക്കും, അവർക്ക് പ്രവർത്തിക്കാനുള്ള അവകാശം ലഭിക്കില്ല. ജനങ്ങൾ തൊഴിലില്ലാത്തവരാകും, യുദ്ധാനന്തരം രാജ്യം അഴിമതിയുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.

യുദ്ധത്തിന് ധാരാളം ഗുണങ്ങളുണ്ടെങ്കിലും, യുദ്ധത്തിന് ചില ദോഷങ്ങളുമുണ്ട്. യുദ്ധത്തിന്റെ ചില നിഷേധാത്മക വശങ്ങളുണ്ട്. യുദ്ധം രാജ്യത്തിന് നേരെ ഭീകരതയും ഭയവും നാശവും കൊണ്ടുവരുന്നു. അത് രാജ്യത്തെ പരാജയത്തിലേക്ക് നയിക്കുകയും ചെയ്യും. നിരപരാധികളായ നിരവധി പൗരന്മാർ യുദ്ധത്തിൽ കൊല്ലപ്പെടാം, കൂടുതൽ കുട്ടികൾ അനാഥരാകും. രാജ്യത്ത് മാത്രമല്ല, മനുഷ്യജീവിതത്തിലും ഇത് പ്രതികൂലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. അത് ജനങ്ങളുടെ ജീവിതവും തകർക്കും.

അതിനാൽ, യുദ്ധം രാജ്യത്തെ താഴേക്ക് നയിക്കുന്നു. യുദ്ധാനന്തരം ആളുകൾ ആശ്രിതരാകുകയും നിരവധി ആളുകൾക്ക് അവരുടെ കുടുംബാംഗങ്ങളെ നഷ്ടപ്പെടുകയും അവിവാഹിതരാവുകയും ചെയ്യും, അത് അവരെ ഓരോ ദിവസവും അവരുടെ ഹൃദയത്തിൽ കൊല്ലും. യുദ്ധമാണ് രാഷ്ട്രത്തിന്റെ നാശം.

Chinmayee S

# കാട്ടുപൂവ്

ചിതറിതെറിക്കുന്ന ചിന്തകളിൽ എപ്പോളോ
നിറ്റെയി  പുഞ്ചിരി  ഒന്നുമാത്രം
മയാവില്ല്പോലെ  നീ  മനസ്സിൽ
തെളിയുബോൾ  ഉണരുന്നു എന്നിലെ
മോഹങ്ങളും
ചിതറിത്തെറിക്കുന്ന ചിന്തകളില്ലെപ്പോയോ
നിറ്റെയി പുഞ്ചിരി ഒന്നുമാത്രം
ഉണരുന്നു എന്നിലെ മോഹങ്ങളും

കൃഷ്ണതുളസി കതിർത്തുമ്പു മോഹിക്കും
നിറ്റെയി  വാർമുടിച്ചുരുളിലെത്താൻ

വൈദേഹി ബി

## AIM : The first step towards success

A  man with no career goals in life will never be successful. All of his goals will be shattered or fail at some time. He walks with a limp in his daily existence. In life, it is essential to have a realistic objective or goal. It will give your existence a new layer of meaning. When you accomplish it, you will be able to discover your true purpose in life and set an example for others on how to live life to the fullest. Not only that but completing your objective will bring you and your family a great deal of joy and happiness.

The first and most important job is to exercise extreme caution when making a decision. A goal leads to the correct career. So, here are a few steps to remember at every stage of your existence.

- Be proactive at all times
- Keep a healthful and balanced lifestyle
- Keep pessimism at bay
- Procrastination should be avoided
- Increase your skills
- Accept your mistakes
- Seek professional advice
- Consider your ultimate destination
- Keep track of your accomplishments
- Maintain your concentration

An aim is essential to have a successful life. To be able to stand on our own legs without depending anyone is the ultimate aim of people. But that is not enough we should know what we should pursue to stand upstraight

**Chinmayee S**

## GLOBAL WARMING

Global Warming is a term almost everyone is familiar with. But, its meaning is still not clear to most of us. So, Global warming refers to the gradual rise in the overall temperature of the atmosphere of the Earth. There are various activities taking place which have been increasing the temperature gradually. Global warming is melting our ice glaciers rapidly. This is extremely harmful to the earth as well as humans. It is quite challenging to control global warming; however, it is not unmanageable. The first step in solving any problem is identifying the cause of the problem. Therefore, we need to first understand the causes of global warming that will help us proceed further in solving it. In this essay on Global Warming, we will see the causes and solutions of Global Warming.

### Causes of Global Warming

Global warming has become a grave problem which needs undivided attention. It is not happening because of a single cause but several causes. These causes are both natural as well as manmade. The natural causes include the release of greenhouses gases which are not able to escape from earth, causing the temperature to increase.Further, volcanic eruptions are also responsible for global warming. That is to say, these eruptions release tons of carbon dioxide which contributes to global warming. Similarly, methane is also one big issue responsible for global warming

**Aryalekshmi s**

## ബുദ്ധിമാനായ ആമ

അടുത്തദിവസം മുതൽ പണി തുടങ്ങുന്നതിനും നിർദ്ദേശിച്ചു. കുറുക്കൻ മാത്രം ഇക്കാര്യത്തിൽ വിസമ്മതം പ്രകടിപ്പിച്ചു. പണികളിലൊന്നും കുറുക്കൻ സഹകരിച്ചുമില്ല. അടുത്ത വേനൽ വന്നപ്പോൾ ജലസംഭരണിയിൽ നിറഞ്ഞു കിടക്കുന്ന ജലം കണ്ട് മൃഗങ്ങൾ വളരെയേറെ സന്തോഷിച്ചു.

ഒരു ദിവസം ചെന്നായ നോക്കുമ്പോൾ സംഭരണിയിലെ ജലം കലങ്ങിക്കിടക്കുന്നു. അടുത്തദിവസം അവൻ ഒളിച്ചിരുന്നു കാര്യം മനസ്സിലാക്കി. കുറുക്കൻ! അവൻ ആരും കാണാതെ സൂത്രത്തിലെത്തി വെള്ളം കുടിക്കുകയും വിശാലമായി കുളിക്കുകയും ചെയ്യുന്നു. സംഗതി സിംഹരാജന്റെ ചെവിയിലുമെത്തി.

എന്താണു മാർഗ്ഗം?

കുറുക്കനറിയാതെ മന്ത്രിമാരെ വിളിച്ചു വരുത്തിയിട്ട് സിംഹം പറഞ്ഞു. "അവനെ തടയണം. കഴിയുമെങ്കിൽ പിടിച്ചുകെട്ടി നല്ല ശിക്ഷ കൊടുക്കണം." പിന്നെ ചോദിച്ചു. "അടയാള സഹിതം അവനെ പിടിച്ചു കെട്ടാൻ നിങ്ങളിൽ ആർക്കു കഴിയും?" കടുവ. പുള്ളിപ്പുലി. ചെന്നായ.

മൂന്നുപേരും ഒഴിഞ്ഞു. മഹാസൂത്രശാലിയായ കുറുക്കൻ തങ്ങളെ കെണിയിൽ പെടുത്തിയാലോ എന്നവർ ഭയപ്പെട്ടു.

മന്ത്രിമാരുടെ കൂട്ടത്തിൽ ശരീരം കൊണ്ടും മറ്റും ദുർബ്ബലനായ ആമ വിനയത്തോടെ സിംഹത്തോടു പറഞ്ഞു.

"ഞാൻ... ഞാനവനെ വീഴ്ത്താം."

അതുകേട്ട് മറ്റുമൂന്നുപേരും ഉള്ളിൽ ചിരിച്ചു.

"നീയോ നിനക്കെങ്ങനെ അതു സാധിക്കും?"

ആമ തന്റെ പദ്ധതി വിശദീകരിച്ചു.

"കൊള്ളാം നീ ബുദ്ധിമാൻതന്നെ" സിംഹം ആമയെ അഭിനന്ദിച്ചു.

തൊട്ടടുത്ത ദിവസം കുറുക്കൻ പമ്മിപ്പമ്മി ജലസംഭരണിയിലെത്തി. ജലത്തിലേക്ക് പതിയെ കാലെടുത്തുവച്ച കുറുക്കൻ എന്തോ ഒരു വല്ലായ്മ തോന്നി. കാലുകൾ പിൻവലിക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിഞ്ഞില്ല.

പെട്ടു.

താനൊരു കെണിയിൽപെട്ടുവെന്ന് പെട്ടെന്നു തന്നെ കുറുക്കനു മനസ്സിലായി.

ആമ പതിയെ ഒന്നിളകി; തല വെളിയിലിട്ടു.

"എന്നെ സ്വതന്ത്രമാക്കിയില്ലെങ്കിൽ നിന്റെ തല ഞാൻ ചവിട്ടി പൊളിക്കും."

"നിന്റെ ഇഷ്ടംപോലെ ആയിക്കോ." ആമ ചിരിച്ചുകൊണ്ടു പറഞ്ഞു.

തന്റെ പിൻകാലുകൾകൊണ്ട് ആമയുടെ തല മാന്തിക്കീറാൻ ശ്രമിച്ച കുറുക്കന്റെ ആ കാലുകളും ആമയുടെ തോടിൽ കട്ടിയിൽ തേച്ചുപിടിപ്പിച്ചിരുന്ന ചെന്നർകൽ പശയിൽ (ഒട്ടിപ്പിടിക്കുന്ന ഒരുതരം കറുത്ത മെഴുകുപോലെയുള്ള പശ) പറ്റിപ്പിടിച്ചു.

നാണവും കോപവും കൊണ്ട് തന്നെത്തന്നെ മറന്നുപോയ കുറുക്കൻ ആമയുടെ തല കടിച്ചു പറിക്കാൻ ശ്രമിച്ചു. പാവം കുറുക്കൻ, ആമയുടെ മുതുകിൽ ശരീരത്തിന്റെ കീഴ്ഭാഗം മുഴുവൻ ഒട്ടിപ്പിടിച്ചു കിടപ്പിലായിപ്പോയി അവൻ. വിവരം കാട്ടിലാകെ പെട്ടെന്നുതന്നെ പരന്നു. തന്റെ പുറത്ത് ഒട്ടിക്കിടക്കുന്ന കുറുക്കനുമായി ആമ പതിയെ തുഴഞ്ഞു പുറത്തുവന്നു.

സൂത്രം പ്രയോഗിക്കുന്നതിൽ അതിമിടുക്കനായ കുറുക്കനെ കെണിയിൽ വീഴ്ത്തിയ ആമയെ ഓരോരുത്തരും മാറിമാറി അഭിനന്ദിച്ചു.

നൂറടി നലകി കുറുക്കനെ കാട്ടിൽനിന്ന് പുറത്താക്കുന്നതിന് മൃഗങ്ങളുടെ യോഗം തീരുമാനിച്ചു.

അരുതാത്തതു ചെയ്താൽ എത്ര സൂര്ത്തശാലിയും ഒരുന്നാൾ ........

BY GauthamRengith



# പ്രകൃതി

അമ്മയെന്ന പ്രകൃതി
ജീവനാകുന്ന പ്രകൃതി
നന്മയുള്ള പ്രകൃതി
കാറ്റായി തലോടുമെന്നും
മഴയായ് പെയ്തിറങ്ങും
വെയിലായ് വന്നു ചുംബിച്ചിടും
പച്ചപ്പരവതാനി എങ്ങും
വിരിച്ചിടുന്നു പ്രകൃതി
പ്രകൃതി തൻ മടിത്തട്ടിൽ വിരിയുന്ന
പൂക്കളെക്കാണുവാനെന്തു ഭംഗി
കലപില ശബ്ദത്തിൻ നിദ്രയുണർത്തുന്ന
കിളികളെ കാണുവാനെന്തു ഭംഗി
എന്തു പറഞ്ഞാലും തീരില്ല നിൻ ഭംഗി

Yadav Krishnan



## ശുചിത്വവും ആരോഗ്യവും

വ്യക്തി ശുചിത്വം നമ്മുടെ ജീവിതത്തിന് വളരെയധികം പ്രാധാന്യമുള്ളതാണ്. വ്യക്തികൾ ഓരോരുത്തരും ശുചിത്വമുള്ളവരായാൽ ഓരോ കുടുംബവും നന്നാവും.ഓരോ നാടും നന്നാവും.വ്യക്തികൾ സ്വയമായി പാലിക്കേണ്ട അനവധി ആരോഗ്യശീലങ്ങൾ ഉണ്ട്. അവ കൃത്യമായി പാലിച്ചാൽ പകർച്ചവ്യാധികളെയും ഒഴിവാക്കാൻ കഴിയും.

ഭക്ഷണത്തിന് മുൻപും പിൻപും കൈകൾ നന്നായി കഴുകുക. എപ്പോഴും ശരീരം വൃത്തിയായി സൂക്ഷിക്കുക. നഖം മുറിക്കൽ ശീലമാക്കുക.ഇ തോടൊപ്പം നമ്മുടെ പരിസരവും വൃത്തിയായി സൂക്ഷിക്കുക .എന്നും നമ്മുക്ക് ആരോഗ്യത്തോടെ ജീവിക്കാം ....

**Niranjana V**



# മഴ

മഴയും വെയിലും കണ്ണുപൊത്തിക്കളിക്കുന്ന കാലം. അതാണ് കേരളത്തിന്റെ മഴക്കാലം. മൂന്നു നാലു ദിവസം മഴ തുടർന്നാലും ഒരു ഇടവേളയായി വെയിൽ കടന്നു വരും. ഈ വെയിൽ ദിനങ്ങളും തണുപ്പ് അരിച്ചു കയറുന്ന മഴ ദിനങ്ങളും ചേർന്നതാണ് കേരളത്തിൽ കാലവർഷം.

കേരളത്തിന് പ്രധാനമായും രണ്ടു മഴക്കാലങ്ങളാണുള്ളത്. ജൂണിൽ ആരംഭിക്കുന്ന തെക്കു പടിഞ്ഞാറൻ മൺസൂൺ, അല്ലെങ്കിൽ കാലവർഷം. ഇതിന് ഇടവപ്പാതി എന്നും പേരുണ്ട്. മലയാളം കലണ്ടറിലെ എടവ മാസത്തിന്റെ പകുതിയോടെയാണ് മഴ ശക്തിപ്പെടുക. അതാണീ പേര്.

ഒക്ടോബർ പകുതിയോടെ വടക്കു കിഴക്കൻ മൺസൂണിന്റെ കാലമായി – തുലാവർഷം എന്നിതിനെ വിളിക്കാം. മലയാളം കലണ്ടർ അനുസരിച്ച് തുലാമാസത്തിൽ ആകും ഈ മഴക്കാലം. എടവപ്പാതിയിൽ അറബിക്കടലിൽ നിന്നുള്ള നീരാവി നിറഞ്ഞ കാറ്റാണ് മഴ കൊണ്ടു വരുന്നതെങ്കിൽ തുലാവർഷത്തിൽ ബംഗാൾ ഉൾക്കടലിൽ നിന്ന് തമിഴ്നാട് കടന്നു വരുന്ന കാറ്റാണ് മഴയെത്തിക്കുന്നത്. പൊതുവേ തുലാവർഷം തെക്കൻ ജില്ലകളിൽ കൂടുതൽ ശക്തമാണ്. മണ്ണും പ്രകൃതിയും പുതുജീവൻ നേടുന്ന കാലമാണ് മഴക്കാലം.

മലയാളികൾ  ഉന്മേഷവും ആരോഗ്യവും വർദ്ധിപ്പിക്കാനുള്ള ആയുർവ്വേദ ചികിത്സ നടത്തുന്നത് മഴക്കാലത്താണ്. ഇടവപ്പാതിക്കാലമാണ് ആയുർവ്വേദ ചികിത്സാരീതിയായ എണ്ണയിട്ടു തിരുമ്മൽ, ഉഴിച്ചിൽ എന്നിവയ്ക്കു ഏറ്റവും യോജിച്ചത്. കാലവർഷക്കാലത്തെ തണുപ്പും ശുദ്ധമായ പ്രകൃതിയും ചികിത്സയ്ക്ക് ഏറ്റവും യോജിച്ച അന്തരീക്ഷം ഒരുക്കുന്നു.



Devananda P N

# Water Conservation

**Water conservation includes all the policies, strategies and activities to sustainably manage the natural resource of fresh water, to protect the hydrosphere, and to meet the current and future human demand (thus avoiding water scarcity). Population, household size and growth and affluence all affect how much water is used. Factors such as climate change have increased pressures on natural water resources especially in manufacturing and agricultural irrigation. Many countries have already implemented policies aimed at water conservation, with much success. The key activities to conserve water are as follows: any beneficial reduction in water loss, use and waste of resources, avoiding any damage to water quality; and improving water management practices that reduce the use or enhance the beneficial use of water. Technology solutions exist for households, commercial and agricultural applications. Water conservation programs involved in social solutions are typically initiated at the local level, by either municipal water utilities or regional governments.**



Adithya Ajimon

## കേരളം......!!!

കേരളം എൻറെ ജന്മനാടാണ്. എൻറെ പ്രിയപ്പെട്ട മാതൃഭൂമിയായ .ഇന്ത്യാമഹാരാജ്യത്തിൻറെ തെക്കുപടിഞ്ഞാറെ അറ്റത്തായി സ്ഥിതിചെയ്യുന്ന ഹരിതമനോഹരമായ ഈ കൊച്ചുസംസ്ഥാനം പ്രകൃതി രമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതുകൊണ്ടുതന്നെയാണ് സസ്യശ്യാമള കോമളമായ ഈ നാടിനെ 'God's own country' അഥവാ 'ദൈവത്തിൻറെ സ്വന്തം നാട്' എന്ന് സ്വദേശികളും വിദേശികളും ഒരുപോലെ വിശേഷിപ്പിക്കുന്നത്. ഇവിടെ ജനിച്ചുവളർന്ന എനിക്ക് വളരെയധികം സന്തോഷം പകർന്നു നൽകുന്ന ഒരു സംജ്ഞയാണ് ദൈവത്തിൻറെ സ്വന്തം നാട് എന്നത്..ഇവിടെ വന്നു ജനിക്കാൻ ജഗദീശൻ എന്നെ അനുഗ്രഹിച്ചതിൽ എനിക്ക് വളരെ അഭിമാനം തോന്നുന്നു.

എന്താണ് കേരളത്തെ ദൈവത്തിൻറെ സ്വന്തം നാട് ആക്കിതീർക്കുന്നത് എന്ന് ചെറുതായി നമുക്കൊന്ന് പരിശോധിക്കാം.

കേരളം എന്ന വാക്കു സൂചിപ്പിക്കുന്നത് കേരവൃക്ഷങ്ങളുടെ നാട് എന്നാണല്ലോ. കേര വൃക്ഷങ്ങൾ, നൃത്തമാടുന്ന കടൽതീരങ്ങൾ,മനോഹരമായ കായൽപരപ്പ്, സസ്യശ്യാമളമായ മലയോരങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ പരിമളം പരത്തുന്ന വനപ്രദേശങ്ങൾ, കളകളാരവം പുറപ്പെടുവിക്കുന്ന അരുവികളും, നീർച്ചാലുകളും...ഇവയെയെല്ലാം സംഗീതാൽമകമാക്കുന്ന പക്ഷിസമൂഹങ്ങൾ, കാടുകളെയും, മലയോരങ്ങളെയും ഗംഭീരമാക്കുന്ന വന്യജീവികൾ!.... കണ്ണിനും കാതിനും മാത്രമല്ല മനസ്സിനും കുളിർമയേകുന്ന ഈ കാഴ്ചകൾ ആരെയും ഇവിടേയ്ക്ക് മാടിവിളിക്കുന്നു! കേവലം പ്രകൃതിഭംഗി മാത്രമല്ല



എൻറെ ഈ കൊച്ചുനാടിൻറെ മാഹാൽമ്യം വിളിച്ചോതുന്നത്. പുരാതന കാലം മുതൽതന്നെ കലാ-കായിക-സാംസ്കാരിക മേഖലകളിൽ പുകൾപറ്റിനിന്നിരുന്നു ഈ കൊച്ചുനാട്. കേരളത്തനിമ വിളിച്ചോതുന്ന കഥകളി, ഓട്ടന്തുള്ളൽ എന്നീ കലാരൂപങ്ങൾ എന്നും വിദേശികളുടെ കൌതുകമാണ്.കഥകളി, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങൾ UNESCO യുടെ വരെ അംഗീകാരം സിദ്ധിച്ചിട്ടുള്ളതാണ്.

കേരളത്തിൻറെ മാത്രം പ്രത്യേകതകളായ വള്ളംകളി,കളരിപ്പയറ്റ് തുടങ്ങിയ വിനോദങ്ങ ൾ കേരളീയരുടെ മെയ് വഴക്കം പുരാതനകാലം മുത ൽ തന്നെ വിളിച്ചോതിയിരുന്നു.

സാംസ്കാരിക രംഗത്ത് വളരെ മേന്മയേറിയ ഒരു ചരിത്രമാണ് ഈ കൊച്ചു നാടിനു അവകാശപ്പെടാനുള്ളത്. മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസം വളരെയധികം പരിപോഷിപ്പിക്കപ്പെട്ടു. ഇന്ന് ഈ സംസ്ഥാനം സാക്ഷരതയുടെ കാര്യത്തിൽ മുൻപന്തിയി ൽ തന്നെയാണ്. പ്രശസ്ത എഴുത്തുകാരും കവികളും ഈ നാടിൻറെ പ്രശസ്തിയും അന്തസ്സും ഉയരങ്ങളി ൽ എത്തിച്ചു. പ്രശസ്ത പ്രാചീന കവികളായ ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, തുഞ്ചത്ത് എഴുത്തച്ഛ ൻ, ആധുനിക കവിത്രയങ്ങളായ കുമാരനാശാ ൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവ ർ എന്നും എൻറെ നാടിൻറെ അഭിമാനമാണ്.

സുഗന്ധ ദ്രവ്യങ്ങളുടെ കേതാരമായ എൻറെ കേരളനാടിൻറെ സമ്പത്തി ൽ ആകൃഷ്ടരായി പല രാജ്യങ്ങളിൽ നിന്നും വിദേശിക ൾ ഇവിടെ തമ്പടിച്ചു. അവർ ഉണ്ടാക്കിയ വൈഷമ്യങ്ങളെ വീറോടെ ഈ നാട് നേരിട്ടു. വേലുത്തമ്പി ദളവയും, പഴശ്ശിരാജയും, കുഞ്ഞാലിമരക്കാ ർ, സാമൂതിരി തുടങ്ങിയ വീര യോദ്ധാക്കളും എൻറെ നാടിൻറെ വീര ഗാഥയിലെ തിളങ്ങുന്ന നക്ഷത്രങ്ങളായി വിരാചിക്കുന്നു.

എന്നാൽ എൻറെ ഈ നാടിൻറെ ഇന്നത്തെ അവസ്ഥ എന്നെ കുറച്ചൊക്കെ നിരാശയാക്കുന്നു. ചിരകാലമായി നാം കാത്തുസൂഷിച്ച മതസൌഹാർദത്തിനു ഉലച്ചിൽ തട്ടുന്ന ഇന്നത്തെ പ്രവണത എന്നെ വിഷമിപ്പിക്കുന്നു. ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യാനിയുമെല്ലാം ഏകോദര സഹോദരരെപ്പോലെ കഴിഞ്ഞിരുന്ന ആ നല്ല കാലം പോയ്മറയുകയാണോ എന്ന ആശങ്ക എന്നെ അസ്വസ്ഥയാക്കുന്നു. പ്രാചീന കേരളത്തിലെ രാജാക്കന്മാരിൽ നിലനിന്നിരുന്ന സത്യവും, നീതിയും ധർമനിഷ്ഠയും നമ്മുടെ ഭരണാധികാരികൾക്കിന്നു കൈമോശം വന്നിരിക്കുന്നു. നീതിനിഷ്ഠരായ, ഭരണാധികാരിക ൾ ചരിത്രത്തിൻറെ താളുകളി ൽ മാത്രം അവശേഷിക്കുന്നു. മദ്യവും മയക്കമരുന്നും എൻറെ നാടിൻറെ ശാപമാകുന്നത് എനിക്ക് സഹിക്കുവാനാകുന്നില്ല. ഇതിനെതിരെ എല്ലാ സന്നാഹത്തോടും കൂടി പടപൊരുതുന്ന ഒരു സമൂഹം ഉയർന്നുവരട്ടെ എന്നാണ് ഇന്നെൻറെ പ്രാർത്ഥന. അങ്ങിനെ പ്രാചീന

## കേരളത്തിൻറെ അന്തസ്സും ആൽമാഭിമാനവും

ഉയർത്തിപ്പിടിക്കത്തക്ക ഒരു സാഹചര്യം എൻറെ കേരളത്തി്ൽ ഉണ്ടാകട്ടെ എന്ന ഉൽക്കടമായ ആഗ്രഹം, ഞാൻ സൂക്ഷിക്കുന്നു. ഉണങ്ങിവരണ്ടു പോയ നെൽപ്പാടങ്ങളി്ൽ, ഇനിയും പച്ചപ്പ് പൊതിയുന്ന ഒരു ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു. പ്രകൃതി കനിഞ്ഞരുളിയ കാലാവസ്ഥയി്ൽ നാം കൃഷി ചെയ്തുണ്ടാക്കുന്ന വിളക്ൾ നമ്മെ പൂർണമായി ഊട്ടിക്കുന്ന ഒരു നല്ല നാളെ ഇവിടെ സംജാതമാകും. കാലവർഷവും, തുലാവർഷവുമെല്ലാം ഇനിയും നമ്മുടെ കളപ്പുരകളെ ധാന്യ സമൃദ്ധമാക്കട്ടെ. സംതൃപ്തിയിലും സന്തുഷ്ടിയിലും കഴിഞ്ഞ പഴയ ഓണാഘോഷവും ഉ്ൽവങ്ങളുമെല്ലാ൦ ഒരിക്കൽക്കൂടി തിരിച്ചുവരും. മാനുഷരെല്ലാവരും ഏകോദര സഹോദരങ്ങളാണെന്നുള്ള ബോധ്യം നമ്മുടെ മനസ്സിലുണ്ടാകും. ഈ പ്രത്യാശയിൽ,ഞാ്ൻ ഇപ്പോ്ൾ മഹാകവി വള്ളത്തോളിൻറെ ആ വരിക്ൾ ഉച്ചത്തിൽ പാടട്ടെ:

.

ഭാരതമെന്ന പേ്ർ കേട്ടാലഭിമാനപൂരിതമാകണമന്തരംഗം,

കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ.



**Swarga Raiju**

# പഴഞ്ചൊല്ലുകൾ

1. അക്കരെ നിന്നാൽ ഇക്കരെ പച്ച.

2. ആട് കിടന്നിടത്തു പൂട പോലും ഇല്ല.

3. ആന കൊടുത്താലും ആശാ കൊടുക്കാമോ?.

4. ആന മെലിഞ്ഞാൽ, തൊഴുത്തിൽ കെട്ടാൻ പറ്റുമോ.

5. ആന വായിൽ അമ്പഴങ്ങ.

6. ആനക്കുണ്ടോ ആനയുടെ വലിപ്പമറിയു.

7. ആറ്റിൽ കളഞ്ഞാലും... അളന്നു കളയണം.

8. ആവശ്യക്കാരന്, ഔചിത്യം പാടില്ല.

9. അടി കൊള്ളാൻ ചെണ്ടയും, പണം വാങ്ങാൻ മാരാരും.

10. അടി തെറ്റിയാൽ... ആനയും വീഴും.

11. അല്പന് അർഥം(ഐശ്വര്യം) കിട്ടിയാൽ, അർദ്ധ രാത്രിയിൽ കുട പിടിക്കും.

12. അമ്മക്ക് പ്രാണ വേദന, മകൾക്ക് വീണ വായന.

13. അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ.

14. അങ്ങാടിയിൽ തോറ്റതിന്, അമ്മയുടെ പുറത്തു.

Anusree R

# അമ്മ

സ്നേഹ സമുദ്രമാണെന്റെ അമ്മ

കാരുണ്യ വാരിധിയെന്റെ അമ്മ.

കുറ്റം ചെയ്താൽ ശാസിക്കുമമ്മ

എൻ ജീവമാർഗദർശിയാണമ്മ.

എൻ കുടുംബത്തിൻ ദീപമാണമ്മ

ദേവീതുല്യമാണെന്നമ്മ.

നേർവഴിയെ നയിക്കുമെന്നമ്മ

കോഴിക്ക തൻ കുഞ്ഞെന്നപോലെ

ലാളിച്ചീടുമെന്നമ്മ.

പുലർകാലദീപമെന്നമ്മ–

ദിനവും പ്രകാശിക്കുമെന്നമ്മ.

Bhagyalekshmi S



# മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
മനം മയക്കും മഴവില്ല്
മഴ കഴിയുമ്പോൾ  മഴവില്ല്
മനോഹരിയാണീ   മഴവില്ല്

മഴവില്ലിന്റെ  മുഖമറിയാമോ
ഏഴു നിറങ്ങൾ നിറഞ്ഞ മുഖം
റാ പോൽ നല്ല വളഞ്ഞ മുഖം
സുന്ദര വർണ്ണം നിറഞ്ഞ മുഖം

മാനം കണ്ടു ഞാൻ നിറയട്ടെ
മനം കുളിർത്തു തളിർക്കട്ടെ
മഴ കഴിയുമ്പോൾ  വരികില്ലേ
മനം കവരാൻ നീ മഴവില്ലേ

Aswathi Asokan



# Full Forms
## A Good Student

A Always liked by students
G Greet everyone with smile
O Obedient to Teachers &Parents
O On time to school
D Dresses neat and clean
S Studies with interest
T Treats everyone with respect
U Understand everything
D does homework daily
E Eager to know new things
N never misbehaves
T Talks less




Abhirami G

# Beauty of Nature







# കടങ്കഥകൾ

1. അമ്മയെ കുത്തി മകൻ മരിച്ചു. ?

ഉത്തരം :– തീപ്പെട്ടി

2. മുറ്റത്തുണ്ടൊരു പോലീസേതോ കളവുതേടി നടക്കുന്നു.?

ഉത്തരം :– കോഴി

3. അടുക്കളയിലെ അമ്മായി അമ്മ. ?

ഉത്തരം :– പൂച്ച

4. ആശാരി മൂശാരി തൊടാത്ത തടി വെള്ളത്തിലിട്ടാൽ ചീയാത്ത തടി. ?

ഉത്തരം: – ചീങ്കണ്ണി

5. ആയിരം കടലോടി വരുന്ന ചെങ്കുപ്പായക്കാരൻ കുന്നന്റെ പേരെന്ത് ?

ഉത്തരം :– ചെമ്മീൻ

6. പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ ?

ഉത്തരം :– കണ്ണ്

7. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ ?

ഉത്തരം :– നക്ഷത്രങ്ങൾ


8. വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം ?

ഉത്തരം :– മദ്ദളം

9. വായില്ലാ ഭരണിയിൽ രണ്ടച്ചാർ ?

ഉത്തരം :– മുട്ട്

Akhila A



# The Sun

**He is a Star,**
**From the earth very far.**
**He gives heat and light**
**And is very bright.**
**He is yellow**
**My favorite fellow.**
**He is the Sun**
**To watch him its fun.**



Vivek P V

# കുസൃതി ചോദ്യങ്ങൾ

**കണ്ണു കാണുന്നവരും കണ്ണുകാണാത്തവരും ഒരു പോലെ കാണുന്നത്?**

**സ്വപ്നം**

**ഞാൻ നിങ്ങൾക്കൊപ്പം ഓടാറുണ്ട്. എന്ന് കരുതി നടക്കാറില്ല എനിക്ക് കാലുകളുമില്ല?**

**നമ്പർ പ്ലേറ്റ്**

**എത്ര നുള്ളിയാലും തല്ലിയാലും കരയാത്ത കുട്ടി?**

**പാവക്കുട്ടി**

**വാഴയിൽ ഉണ്ടാവുന്ന ആന?**

**ബനാന**

**കഴിക്കാൻ എടുക്കും പക്ഷേ ആരും കഴിക്കില്ല?**

**പ്ലേറ്റ്**

**സഞ്ചിയിൽ പൂച്ച കയറിയാൽ എന്ത് പറയും?**

**ക്വിറ്റ്ക്യാറ്റ്**

**മരങ്ങൾക്കും ബാങ്കുകൾക്കും പൊതുവായി ഉള്ളത് എന്താണ്?**

**ശാഖ (ബ്രാഞ്ച് )**

**നട്ടാൽ മുളക്കാത്ത പയർ?**

**അമ്പയർ**

**ലോകത്ത് എവിടെയും എന്റെ പേര് ഒന്ന് തന്നെയാണ്?**

**നമ്പർ പ്ലേറ്റ്**

**അടുക്കളയിൽ കാണുന്ന മൂന്ന് രോഗങ്ങൾ?**

**ഷുഗർ, ഗ്യാസ്, പ്രഷർ**

Dilsha Dileesh


SCSHSS VALAMAMGALAM
YIP ശാസ്ത്രപഥം
ജില്ലാതലത്തിലേക്ക്
തിരഞ്ഞെടുക്കപ്പെട്ടവർ..
POOJA K G
ANAKHA DILEEP
KRISHNASREE
CHINMAYI S
AISWARYA K A
ANASWANI




















December to remember
Let's celebrate the magic of Christmas together in the joy and warmth of love.
FRIDAY
DECEMBER 22,2023
AT 10.00AM
SCSHSS VALAMANGALAM
2K23




Thank You!